⇨ ജാതിബോധം തുടരുന്നതിന് കാരണമാകുന്നുവെന്ന ആശങ്കയാണ് ജഡ്ജിമാർ പങ്കുവെച്ചത് ⇨

## പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം

# സുപ്രീംകോടതി ഇടപെടലും പ്ലാച്ചിമടയിലെ അനീതിയും

പട്ടികജാതി/വർഗ്ഗ അതിക്രമം തടയൽ നിയമം സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ദുരുപയോഗം ചെയ്യുകയും, ഉടൻ അറസ്റ്റും, മുൻകൂർ ജാമ്യവും അനുവദിക്കാതിരിക്കുക വഴി വ്യക്തികളുടെ സ്വതന്ത്ര്യത്തെയും സ്വാഭാവിക നീതിയെയും ഹനിക്കുകയും ചെയ്യുന്നു എന്ന നിരീക്ഷണത്തോടെ കഴിഞ്ഞ മാർച്ച് 20ന് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിക്കെതിരെ രാജ്യവ്യാപകമായി പ്രതിഷേധങ്ങളുണ്ടായല്ലോ. ഈ പശ്ചാത്തലത്തിൽ പ്രസ്തുത നിരീക്ഷണം എങ്ങനെയാണ് പ്ലാച്ചിമടയിലെ കേസിനെ ബാധിക്കുന്നതെന്ന് പരിശോധിക്കുന്നു.

**നീതുദാസ്**

**പട്ടികജാതി**/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം സംബന്ധിച്ച് അടുത്തിടെ വന്ന സുപ്രീംകോടതിയുടെ മാർഗ്ഗനിർദേശം ഏറെ എതിർപ്പുകൾക്കും ചർച്ചകൾക്കും വഴിയൊരുക്കുകയുണ്ടായല്ലോ. സുപ്രീംകോടതി നിർദേശപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ നടന്ന അതിക്രമത്തിനെതിരെ അവർ തന്നെ പരാതി നൽകിയാലും പ്രാഥമിക അന്വേഷണം നടത്തിയതിനുശേഷമേ പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടതുള്ളൂ. കേസ് കെട്ടിച്ചമച്ചതാണോ അല്ലയോയെന്ന് പോലീസ് പരിശോധിക്കണം. കെട്ടിച്ചമച്ചതാണെന്ന് തോന്നുന്ന പക്ഷം കുറ്റാരോപിതന് മുൻകൂർ ജാമ്യം നൽകാവുന്നതാണ്. കുറ്റാരോപിതനെ അറസ്റ്റ് ചെയ്യുന്ന പക്ഷം സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ മേൽഉദ്യോഗസ്ഥന്റെയും സ്വകാര്യ ജീവനക്കാരനാണെങ്കിൽ സീനിയർ എസ്.പിയും അനുമതി വാങ്ങിക്കേണ്ടതാണ്. ഈ മൂന്ന് നിർദേശങ്ങളും പാർലമെന്ററി നിയമത്തിന് മേലെയുള്ള ജുഡീഷ്യറിയുടെ കൈകടത്തലായാണ് വിലയിരുത്തപ്പെട്ടത്. സുഭാഷ് കാശിനാഥ് മഹാജനും മഹാരാഷ്ട്ര സർക്കാരും തമ്മിലുള്ള കേസിന്റെ വിധിയിലാണ് പട്ടികജാതി/പട്ടികവർഗ്ഗ നിയമത്തിന്റെ 18-ാം വകുപ്പിനെ അപ്രസക്തമാക്കുന്ന തരത്തിൽ കോടതി ഈ നിർദേശം നൽകിയത്. ഈ നിയമം ജാതിബോധം തുടരുന്നതിന് കാരണമാകുന്നുവെന്ന ആശങ്കയാണ് ജഡ്ജിമാർ പങ്കുവെച്ചത്. ഏകപക്ഷീയമായ അറസ്റ്റിൽ നിന്ന് പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും ജീവനക്കാരെ സംരക്ഷിക്കാനുള്ള നിർദേശങ്ങളാണ് തങ്ങൾ നൽകിയതെന്ന് ജഡ്ജിമാരായ ഗോയലും യു.യു. ലളിതും പ്രതികരിച്ചിരുന്നു. കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളിലായി ആദിവാസികളും ദളിതുകളും നിക്ഷിപ്തതാൽപര്യങ്ങൾക്കായി നിയമത്തെ ഉപയോഗിച്ചിട്ടുണ്ടെന്നും കോടതി നിരീക്ഷിച്ചു. വിധി നിരപരാധികളെ രക്ഷിക്കാൻ വേണ്ടിയുള്ളതാണ്, ദളിത് അവകാശങ്ങൾക്ക് എതിരല്ലെന്നുമാണ് വിധി പിൻവലിക്കാൻ വിസമ്മതിച്ചുകൊണ്ട് ജഡ്ജിമാർ പ്രസ്താവിച്ചത്.

മഹാരാഷ്ട്രയിലെ കരാഡിലെ ഒരു കോളേജ് ജീവനക്കാരനായ ഭാസ്കർ ഗയ്ക്‌വാഡ് എന്ന ദളിതൻ 2007ൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം നൽകിയ കേസാണ് പിന്നീട്

⇨ *ഈ ഭേദഗതികൾ നടത്തേണ്ടിവന്നതിന്റെ പശ്ചാത്തലം ബില്ലിന്റെ ആമുഖമായി പറയുന്നുണ്ട്* ⇨

സുപ്രീംകോടതിയുടെ പരിഗണനയിലെത്തിയത്. എന്നാൽ സുപ്രീംകോടതി വിധിയിൽ ഭാസ്കർ ഗയ്ക്വാഡിന്റെ പരാതിയെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും തന്നെയില്ല. മാർച്ച് 20 ലെ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരും സുപ്രീംകോടതിയും പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. എന്നാൽ കേസിന്റെ ആദ്യഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്നതിൽ അഭിപ്രായ വ്യത്യാസമില്ലാതിരുന്ന കേന്ദ്രസർക്കാർ, മാർച്ച് 20ലെ വിധിക്കെതിരെ പെറ്റീഷൻ ഫയൽ ചെയ്തതിനെ സുപ്രീം കോടതി വിമർശിച്ചു. തമിഴ്നാടും കേരളവും സമർപ്പിച്ച പുനഃപരിശോധനാ ഹർജിക്ക് മറുപടിയായി തങ്ങളുടേത് നിർദ്ദേശം മാത്രമായിരുന്നുവെന്ന് കോടതി പ്രതികരിച്ചിരുന്നു. നീതി നേടുക എന്ന മൗലികാവകാശം ദളിതർക്ക് നിഷേധിക്കുന്നതിനുള്ള ഒഴിവുകഴിവായിട്ടായിരിക്കും ഈ വിധിയെ പോലീസ് ഉപയോഗിക്കുക എന്ന് അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ നിരീക്ഷിക്കുകയുണ്ടായി.

**നിയമത്തിന്റെ ഉദ്ദേശം**

ഭരണഘടനയുടെ 14, 17, 21 എന്നീ ആർട്ടിക്കിളുകൾ നടപ്പിൽ വരുത്തുന്നതിനാണ് എസ്.സി/ എസ്.ടി. അതിക്രമം തടയൽ നിയമം നിലവിൽ വരുന്നത്. നിയമത്തിനു മുന്നിലെ സമത്വമാണ് ആർട്ടിക്കിൾ 14 വിഭാവനം ചെയ്യുന്നത്. മതം, വംശം, ജാതി, ലിംഗം, ജനിച്ച സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ തടയുന്ന ആർട്ടിക്കിളാണിത്. നിയമത്തിനു മുന്നിലും നിയമ പരിരക്ഷയുടെ കാര്യത്തിലും എല്ലാ വ്യക്തികളേയും ഭരണകൂടം സമമായി പരിഗണിക്കേണ്ടതുണ്ടെന്ന് ഈ നിയമം വിവക്ഷിക്കുന്നു. തൊട്ടുകൂടായ്മയെ നിരോധിക്കുന്നതാണ് ആർട്ടിക്കിൾ 17. ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനും ഉറപ്പുവരുത്തുന്നതാണ് ആർട്ടിക്കിൾ 21. ഇന്ത്യൻ പീനൽകോഡും, 1955ലെ തൊട്ടുകൂടായ്മ നിരോധന നിയമവും, 1976ലെ പൗരാവകാശ സംരക്ഷണ നിയമവും അടക്കമുള്ള നിയമങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിന് അപര്യാപ്തമാണെന്ന വിലയിരുത്തലിന്റെ പശ്ചാത്തലത്തിലായിരുന്നു 1989ൽ എസ്.സി/ എസ്.ടി അതിക്രമം തടയൽ നിയമം വരുന്നത്. രണ്ടാം യു.പി.എ. സർക്കാരിന്റെ അവസാന കാലത്ത്, 2014ൽ എസ്.സി/ എസ്.ടി അതിക്രമം തടയൽ നിയമം ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് ഇറക്കിയിരുന്നു. ബി.ജെ.പി. സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 2014 ജൂലായിൽ എസ്.സി/ എസ്.ടി അതിക്രമം തടയൽ ഭേദഗതി ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചു. ബില്ലിനെക്കുറിച്ച് പഠിക്കാൻ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെ രൂപീകരിക്കുകയും ചെയ്തു. അതിക്രമങ്ങളുടെ പട്ടികയിൽ കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ഭേദഗതി ബിൽ പാസ്സാക്കിയത്. ഭേദഗതി പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരെ വോട്ട് ചെയ്യാനോ, വോട്ട് ചെയ്യാതിരിക്കാനോ നിർബന്ധിക്കുന്നതും വ്യക്തികളുടെ ഭൂമി കയ്യേറുന്നതും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി. ആദിവാസികളുടെയും ദളിതരുടെയും പരാതി ഫയലിൽ സ്വീകരിക്കാതിരിക്കുക, എഫ്.ഐ. ആർ. ഫയൽ ചെയ്യാതിരിക്കുക തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ ജീവനക്കാർ കൃത്യവിലോപം കാട്ടുകയാണെങ്കിൽ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാനുള്ള വകുപ്പും ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തി. നിയമത്തിന്റെ കീഴിൽ വരുന്ന കേസുകൾക്കായി ജില്ലാ തലത്തിൽ പ്രത്യേക കോടതികൾ സ്ഥാപിക്കുകയും പബ്ലിക് പ്രോസിക്യൂട്ടർമാരെ ഇതിനായി നിയമിക്കുകയും ചെയ്തു. പരാതിക്കാരൻ ആദിവാസിയോ ദളിതനോ ആണെന്ന കാരണത്താൽമാത്രം കേസ് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഈ ഭേദഗതികൾ നടത്തേണ്ടിവന്നതിന്റെ പശ്ചാത്തലം ബില്ലിന്റെ ആമുഖമായി പറയുന്നുണ്ട്. 'ശിക്ഷാനടപടികൾ അടങ്ങുന്ന വകുപ്പുകൾ നിയമത്തിലുണ്ടായിട്ടും എസ്.സി/ എസ്.ടി വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ അസ്വസ്ഥജനകമാംവിധം തുടർന്നുകൊണ്ടിരിക്കുകയാണ്. നിയമപ്രക്രിയയിലും എല്ലാ ഘട്ടങ്ങളിലും തടസ്സങ്ങൾ നേരിടേണ്ടി വരുന്നുണ്ട് എന്നതിനാൽ ഭൂരിഭാഗം വരുന്ന ഇരകൾക്കും, സാക്ഷികൾക്കും മതിയായ നീതി കിട്ടുന്നില്ല. ഓരോ വർഷം കഴിയുംതോറും എസ്.സി/ എസ്.ടി അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്. പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ 2015ൽ 38670 കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടതെങ്കിൽ 2016ൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം 40801 ആയി. അതായത് റിപ്പോർട്ട് ചെയ്യപ്പെട്ട അതിക്രമങ്ങളിൽ 5.5 ശതമാനം വർദ്ധനവുണ്ടായി. കെട്ടിക്കിടക്കുന്ന കേസുകളിൽ ഉൾപ്പെടെ 2016ൽ വാദം നടന്നത് 1,44,979 കേസുകളിലാണ്. ഇതിൽ 14,615 കേസുകളിൽ വാദം പൂർത്തിയാവുകയും

3,753 കേസുകളിൽ കുറ്റാരോപിതർ ശിക്ഷിക്കപ്പെടുകയും ചെയ്തു. പ്രതികൾ കുറ്റക്കാരാണെന്ന് തെളിഞ്ഞ കേസുകൾ 25.7 ശതമാനം മാത്രമാണ്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കെതിരെയുള്ള അതിക്രമങ്ങളിൽ 2015ൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് 6,276 കേസുകളാണെങ്കിൽ, 2016ൽ 6,568 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. അതായത് 4.7 ശതമാനം വർദ്ധനവ്. കെട്ടിക്കിടക്കുന്നത് ഉൾപ്പെടെ 2016ൽ വാദം നടന്നത് 23,408 കേസുകളിലാണ്. ഇതിൽ 2,895 കേസുകളിൽ മാത്രമാണ് വാദം പൂർത്തിയായത്. പ്രതികൾ കുറ്റക്കാരാണെന്ന് തെളിഞ്ഞ കേസുകൾ 20.8 ശതമാനം മാത്രമാണ്. അതേസമയം ഐപിസി പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന മറ്റു കേസുകളിൽ 2016ൽ കുറ്റം തെളിയിക്കപ്പെട്ടത് 46.8 ശതമാനം കേസുകളിലാണ്. 2016 അവസാനത്തെ കണക്കുകൾ നോക്കുകയാണെങ്കിൽ പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട 89.6 ശതമാനം കേസുകളിലും, പട്ടികവർഗ്ഗത്തിന് എതിരെയുള്ള അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട 87 ശതമാനം കേസുകളിലും വാദം നടന്നിട്ടില്ല. അതിക്രമങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിലെ വർദ്ധനവും കുറ്റം തെളിയിക്കപ്പെടുന്നതിലെ കുറഞ്ഞ നിരക്കും വിശദമായ അന്വേഷണത്തിന് വിധേയമാക്കുകയാണ് വേണ്ടത്.

**പ്ലാച്ചിമടയുടെ അനുഭവം**

കേസ് രജിസ്റ്റർ ചെയ്യുന്നതുതൊട്ട് അന്വേഷണത്തിലും ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്യപ്പെടുന്നതിലും കോടതിയിൽ വാദം നടക്കുമ്പോഴും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വലിയ തരത്തിലുള്ള പ്രതിബന്ധങ്ങൾ നേരിടേണ്ടി വരാറുണ്ട്. നിയമപ്രകാരമുള്ള പരാതികൾ സ്വീകരിക്കാനോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനോ പോലീസിന്റെ ഭാഗത്തുനിന്ന് പൊതുവിൽ അനാസ്ഥയാണ് ഉണ്ടാകാറുള്ളത്. പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനിക്കെതിരെ പ്ലാച്ചിമട വിജയനഗർ കോളനിയിലെ ആദിവാസികൾ എസ്.സി/ എസ്.ടി അതിക്രമം തടയൽ നിയമപ്രകാരം നൽകിയ പരാതിയുടെ അവസ്ഥ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. കൊക്കക്കോള ബോട്ടിലിംഗ് പ്ലാന്റിന്റെ പ്രവർത്തനം കാരണം തങ്ങൾ കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ആശ്രയിക്കുന്ന ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെട്ടു എന്നും ഉപയോഗശൂന്യമായെന്നും ആയിരുന്നു പരാതി. തങ്ങളുടെ ഉത്പാദനപ്രക്രിയയുടെ ദോഷവശങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കേ കമ്പനി മനഃപൂർവ്വം കുടിവെള്ളം മുട്ടിച്ചതാണെന്ന പരാതിയിൽ കമ്പനിയുടെ പ്ലാച്ചിമട പ്ലാന്റ് തലവൻ, കൊച്ചി ആസ്ഥാനമായുള്ള കേരള റീജിയണൽ തലവൻ, ഡൽഹി നോയിഡ ആസ്ഥാനമായുള്ള അഖിലേന്ത്യാ തലവൻ എന്നിവർക്കെതിരെ ക്രിമിനൽ നടപടി കൈക്കൊള്ളണമെന്നായിരുന്നു പരാതിക്കാരുടെ ആവശ്യം. പരാതിയിൽ കേസെടുക്കാൻ പോലീസ് ആദ്യം തയ്യാറായിരുന്നില്ല. കാര്യങ്ങൾ കൂടുതൽ അന്വേഷിച്ച് മാത്രമേ കേസ് രജിസ്റ്റർ ചെയ്യാൻ കഴിയൂ എന്ന് മീനാക്ഷിപുരം സബ് ഇൻസ്പെക്ടർ അന്ന് പരാതിക്കാരോട് തുറന്നുപറഞ്ഞു. എന്നാൽ കമ്പനിക്കെതിരെ ഭൂമിപിടിച്ചെടുക്കൽ ഉൾപ്പെടെയുള്ള സമരപരിപാടികൾ നടത്തിയ ആദിവാസികൾക്കെതിരെ നിരവധി കേസുകൾ ഫയൽ ചെയ്യുന്നതിന് പോലീസിന് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല. കമ്പനിക്കെതിരെ ഒരു എഫ്.ഐ. ആർ. പോലും രജിസ്റ്റർ ചെയ്യാതെ പരാതി ഫയലിൽ പൊടിപിടിച്ചു കിടന്നു. നിരവധി പ്രതിഷേധ മാർച്ചുകളും ധർണ്ണകളും നടന്നു. കേസ് രജിസ്റ്റർ ചെയ്യുന്നതിന് പോലീസ് വിമുഖത കാണിക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് സമരസമിതി സംസ്ഥാന- ദേശീയ പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷനുകൾക്ക് പരാതി നൽകി. കമ്മീഷനുകൾ നേരത്തേ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുക്കണമെന്ന് പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി. ഇതിനെത്തുടർന്ന് 2016 ജൂണിൽ മീനാക്ഷിപുരം സബ് ഇൻസ്പെക്ടർ കേസ് രജിസ്റ്റർ ചെയ്

> എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനുശേഷം കമ്പനി അധികൃതരെ ചോദ്യം ചെയ്യുന്നതുപോലുമുള്ള നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കേസിനെക്കുറിച്ചുള്ള റിപ്പോർട്ട് മണ്ണാർക്കാട് സ്പെഷ്യൽ കോടതിയിൽ സമർപ്പിക്കുന്നതിന്റെ ഭാഗമായി മൊഴി രേഖപ്പെടുത്താൻ എത്തിയ പോലീസ് ഉദ്യോഗസ്ഥൻ പ്രദേശത്തു താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ അല്ലാത്തവരെ കുറിച്ചുള്ള വിവരങ്ങൾ അന്വേഷിക്കുകയും അത് മൊഴിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തു. നിരവധി പഠനങ്ങളും റിപ്പോർട്ടുകളും, കൊക്കക്കോള കാരണമാണ് പ്രദേശത്തെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെട്ടതെന്ന് അഭിപ്രായപ്പെട്ടിട്ടും പ്ലാച്ചിമടയിലെ സമരം കാരണം കൊക്കക്കോളയ്ക്ക് ബോട്ട്ലിംഗ് പ്ലാന്റ് അടച്ചുപൂട്ടേണ്ടിവന്നിട്ടും, കമ്പനിയ്ക്കെതിരെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം പ്രകാരം ഒരു കേസ് ഫയൽ ചെയ്യുന്നതിന് നേരിട്ട കാലതാമസമാണിത്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനുശേഷം കമ്പനി അധികൃതരെ ചോദ്യം ചെയ്യുന്നതുപോലുമുള്ള നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. കേസിനെക്കുറിച്ചുള്ള റിപ്പോർട്ട് മണ്ണാർക്കാട് സ്പെഷ്യൽ കോടതിയിൽ സമർപ്പിക്കുന്നതിന്റെ ഭാഗമായി മൊഴി രേഖപ്പെടുത്താൻ എത്തിയ പോലീസ് ഉദ്യോഗസ്ഥൻ പ്രദേശത്തു താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ അല്ലാത്തവരെ കുറിച്ചുള്ള വിവരങ്ങൾ അന്വേഷിക്കുകയും അത് മൊഴിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്ലാന്റ് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവർ മാത്രമല്ല താമസിക്കുന്നതെന്നും അവർ മാത്രമായി ഉപയോഗിച്ചുകൊണ്ടിരുന്ന ജലസ്രോതസ്സല്ല കമ്പനി കാരണം മലിനീകരിക്കപ്പെട്ടതെന്നും റിപ്പോർട്ടിൽ വരുത്താനായിരുന്നു പോലീസിന്റെ ശ്രമം. ജലസ്രോതസ്സ് മലിനീകരിക്കപ്പെട്ടു എന്നതിൽ സംശയമില്ല, പിന്നെ പട്ടികജാതി/ പട്ടികവർഗ്ഗക്കാർ മാത്രമായിരുന്നില്ല ആ കിണർ ഉപയോഗിച്ചിരുന്നത് എന്നതുകൊണ്ട് മലിനീകരണം കാരണം അവർ അനുഭവിച്ച പ്രശ്നങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടാക്കുമോ?

പരാതിയിൽ നടപടിയെടുക്കാത്തതു സംബന്ധിച്ച അന്വേഷണങ്ങൾക്ക് മീനാക്ഷിപുരം സബ് ഇൻസ്പെക്ടർ നൽകിയ മറുപടി കമ്പനിയെ ന്യായീകരിച്ചുകൊണ്ടുള്ളതായിരുന്നു. കമ്പനി ഇത് മനഃപൂർവ്വം ചെയ്തതല്ലെന്നും, മനഃപൂർവ്വമാണെങ്കിലേ കേസെടുക്കാനും തുടർനടപടികൾ സ്വീകരിക്കാനും കഴിയൂ എന്നായിരുന്നു എസ്.ഐ.യുടെ മറുപടി. ദശാബ്ദങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള ഒരു കമ്പനിക്ക് തങ്ങളുടെ പ്ലാന്റിൽ നിന്ന് പുറംതള്ളുന്ന മാലിന്യങ്ങളെക്കുറിച്ച് പൂർണ്ണമായ ബോധ്യം ഉണ്ടായിരിക്കേണ്ടതാണ്. ഇന്ത്യയിൽ പലയിടത്തും മലിനീകരണ പ്രശ്നം കമ്പനി നേരിട്ടിട്ടുള്ളതുമാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവർ കൂട്ടമായി ഇടുങ്ങി താമസിക്കുന്ന പ്രദേശത്താണ് തങ്ങൾ പ്രവർത്തിക്കുന്നതെന്നും കമ്പനിയ്ക്ക് അറിയാതെ തരമില്ല. ഈ രണ്ട് കാര്യങ്ങളിലും പൂർണ്ണബോധ്യമുണ്ടായിരുന്ന കമ്പനിക്ക് ഇനി ഇങ്ങനെയൊരു നിയമത്തെക്കുറിച്ച് അറിവില്ലായിരുന്നു എന്നതാണ് വാദമെങ്കിൽ നിയമത്തെക്കുറിച്ചുള്ള അറിവില്ലായ്മ ചെയ്ത കുറ്റത്തിനെ സാധൂകരിക്കാൻ പര്യാപ്തമാണോ എന്ന് മറുത്തു ചോദിക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി/ പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം കൊക്കക്കോള കമ്പനിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടത് വളരെ പ്രതീക്ഷയോടുകൂടിയായിരുന്നു പ്രദേശത്തുള്ളവരും മറ്റ് അനുഭാവികളും നോക്കിയിരുന്നത്. വർഷങ്ങൾ നീണ്ട സമരത്തിന് ശേഷം കമ്പനിക്കെതിരെ രജിസ്റ്റർ ചെയ്ത ആദ്യ കേസ്, ഇന്ത്യയിൽ തന്നെ ഒരു ബഹുരാഷ്ട്രകുത്തകക്കെതിരെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം ഫയൽ ചെയ്ത ആദ്യ കേസായിരുന്നു അത്. പെസ പോലുള്ള നിയമങ്ങളുടെ കൂടെ ആദിവാസികൾക്കും ദളിതർക്കും തങ്ങളുടെ വിഭവങ്ങൾ കൊള്ളയടിച്ച് പരിസരം മലിനീകരിക്കുന്ന കുത്തകകമ്പനികൾക്കെതിരെ ഉപയോഗിക്കാവുന്ന ഒരു നിയമായുധമായി പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം വിലയിരുത്തപ്പെട്ടിരുന്നു. മറ്റ് നിയമങ്ങൾ കൊണ്ട് ചെയ്യാൻ കഴിയാതിരുന്ന കാര്യമാണ് പ്ലാച്ചിമടയിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം കൊണ്ട് നേടാൻ കഴിഞ്ഞിരുന്നത്. പ്ലാച്ചിമടയിൽ ഇനി തിരിച്ചുവരില്ലെന്ന് കോടതിയെ അറിയിച്ച കൊക്കക്കോള കമ്പനിക്ക് കൂടുതൽ പ്രഹരമേൽക്കാതിരിക്കാനുള്ള ശ്രമങ്ങളാണ് കമ്പനി നടത്തുന്നത്. ഇതിന് കുടപിടിക്കുകയാണ് നമ്മുടെ സർക്കാർ സംവിധാനങ്ങളും. ഇങ്ങനെയുള്ള നിരവധി ഉദാഹരണങ്ങൾ നിലനിൽക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം പോലുള്ള അതിപ്രധാനമായ നിയമത്തെ ലഘൂകരിക്കാൻ ശ്രമിക്കുന്ന കോടതി വിധികൾ പുനപരിശോധിക്കുക തന്നെ വേണം. ■

**സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പിരിച്ചുവിടുക**

കഴിഞ്ഞ 44 വർഷമായി കേരളത്തിലെ വ്യവസായ മലിനീകരണവും പുഴ മലിനീകരണവും തടയുന്നതിൽ സമ്പൂർണ്ണമായും പരാജയപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡ് പിരിച്ചുവിട്ട് ശാസ്ത്രീയമായി പുനസംവിധാനം ചെയ്യണം എന്ന് ആവശ്യപ്പെട്ട് **2018 ആഗസ്റ്റ് 9ന് സംസ്ഥാന പി.ബി.സി ഓഫീസ് (തിരുവനന്തപുരം)** ഉപരോധിക്കുന്നു.

*ബന്ധങ്ങൾക്ക്: 9495981246*